കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-2019


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഒ◌ാഡിറ്റ് കാര്യാലയം, കൊല്ലം**

e-mail – doklm.ksad@kerala.gov.in

**(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)**

നം. കെ.എസ്.എ. - കെ എൽ. എം /പി.10-1407/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം

തീയതി-05/10/19

**ഡെപ്യൂട്ടി ഡയറക്ടർ**

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

**ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത്**

സർ,

വിഷയം :- ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

**ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം :- കെ.എസ്.എ. - കെ എൽ. എം /പി.10-1407/19 തീയതി: 05/10/19

## <u>കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-04-2018 മുതൽ 13-06-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### <u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ .കെ , ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.08.2019 മുതൽ 17.08.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ബിജി വർഗീസ് | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ശ്രീമതി അമ്പിളി.ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.സുബി സുഗതൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി ജമീല ബീവി.എം | ഓഡിറ്റർ |
| | | |

| | | |
|---|---|---|
| | ശ്രീമതി സുനിത സെബാസ്റ്റ്യൻ | ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.റ്റി.ആർ.ശങ്കരപിള്ള | 01-04-2018 മുതൽ 03.12.2018 വരെ |
| | ശ്രീമതി നിഷ സജീവ് | 04.12.2018 മുതൽ 21.12.2018 വരെ |
| | ശ്രീ. ഐ നൗഷാദ് | 22.12.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.നാസറുദീൻ.എ | 01-04-2018 മുതൽ 13.09.2018 വരെ |
| | ശ്രീ.ജെ.രാധാകൃഷ്ണപിള്ള (ഇൻചാർജ്) | 14.09.2018 മുതൽ 13.10.2018 വരെ |
| | ശ്രീ.നാസറുദീൻ.എ | 14.10.2018 മുതൽ 31.10.2018 വരെ |
| | ശ്രീ.ജെ.രാധാകൃഷ്ണപിള്ള (ഇൻചാർജ്) | 01.11.2018 മുതൽ 22.11.2018 വരെ |
| | ശ്രീ.നാസറുദീൻ.എ | 23.11.2018 മുതൽ 23.01.2019 വരെ |
| | ശ്രീ.ജെ.രാധാകൃഷ്ണപിള്ള (ഇൻചാർജ്) | 24.01.2019 മുതൽ 14.02.2019 വരെ |
| | ശ്രീ.നാസറുദീൻ.എ | 15.02.2019 മുതൽ 13.03.2019 വരെ |
| | ശ്രീ.ജെ.രാധാകൃഷ്ണപിള്ള (ഇൻചാർജ്) | 14.03.2019 മുതൽ 24.03.2019 വരെ |
| | ശ്രീ. സി.ജനചന്ദ്രൻ | 25.03.2019 മുതൽ 31.03.2019 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | ശ്രീ.ജെ.രാധാകൃഷ്ണപിള്ള | 01-04-2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. കെ.ജി.സുജാത | 01-04-2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| മെഡിക്കൽഓഫീസർ (ആയൂർവേദം) | ഡോ. സിന്ധു രാമചന്ദ്രൻ | 01-04-2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | ഡോ.ഫിലിപ്പ് തോമസ് വൈദ്യൻ | 01-04-2018മുതൽ 13.03.2019 വരെ |
| | ഡോ.സബിത | 14.03.2019 മുതൽ 27.03.2019 വരെ |
| | ഡോ. എം.കെ.വിമല | 28.03.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.സബിതാ വിജയൻ | 01-04-2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ.അരുൺ സുഗതൻ | 01-04-2018 മുതൽ 31.03.2019 വരെ |
| അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി | ശ്രീമതി സുമ തോമസ് | 01-04-2018 മുതൽ 31.03.2019 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി ഷീബ ഫ്രാൻസിസ് | 01-04-2018 മുതൽ 15.07.2018 വരെ |
| | ശ്രീമതി സംഗീത.ജി | 16.07.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി ബി. പ്രസന്നകുമാരി അമ്മ | 01-04-2018 മുതൽ 31.03.2019 വരെ |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (മുതുപിലാക്കാട് സർക്കിൾ) | ശ്രീ. ഇസ്മയിൽകുഞ്ഞ് | 01-04-2018 മുതൽ 11.12.2018 വരെ |
| | ശ്രീ. വിനോദ്കുമാർ | 12.12.2018 മുതൽ 31.01.2019 വരെ |
| | ശ്രീമതി. പ്രിയ സൈമൺ | 01.02.2019 മുതൽ 31.03.2019 വരെ |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (കരിന്തോട്ടുവ സർക്കിൾ) | ശ്രീമതി.സനൂജ | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (ശാസ്താംകോട്ട സർക്കിൾ) | ശ്രീ. വിനോദ്കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ് . സൂപ്പർവൈസർ | ശ്രീമതി അഞ്ജന എം | 01-04-2018 മുതൽ 30.09.2018 വരെ |
| | ശ്രീമതി രേഖ ലക്ഷ്മി | 01-10-2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | യാത്രാബത്ത - മാസപരിധി അധികരച്ച് തുക നൽകി | 1-12 |
| 13 | മരുന്ന് വാങ്ങൽ - തുക നൽകി - മരുന്ന ലഭ്യമായില്ല. | 1-13 |
| 14 | വീട് മെയിന്റനൻസ്- അഡ്വാൻസ് കൈപ്പറ്റിയിട്ട് പണി നടത്തിയിട്ടില്ല | 1-14 |
| 15 | സംയുക്ത പ്രോജക്ടിനുള്ള തുകകൾ വർഷങ്ങളായി ചെലവഴിക്കാതെ തനതുഫണ്ടിൽ സൂക്ഷിക്കുന്നു. | 1-15 |
| 16 | ലൈഫ് ഭവന പദ്ധതി സംബന്ധിച്ച് | 1-16 |
| 17 | പൈപ്പ് ലൈൻ സ്ഥാപിച്ചത് സംബന്ധിച്ച് | 1-17 |
| 18 | ട്രേഡ്സ് ലിസ്റ്റ് പുതുക്കി സൂക്ഷിച്ചിട്ടില്ല | 1-18 |
| 19 | പാലിയേറ്റീവ് കെയർ പദ്ധതി – മരുന്നുകൾ ലഭ്യമായിട്ടില്ല. | 1-19 |
| 20 | കുട്ടികൾക്ക് പ്രഭാതഭക്ഷണം - സർക്കാർ അനുമതിയില്ലാതെ എയ്ഡഡ് സ്കൂളുകൾക്ക് കൂടി ബാധകമാക്കി 7,02,119/- രൂപ തടസ്സപ്പെടുത്തുന്നു. | 1-20 |

| | | |
|---|---|---|
| 21 | കുറ്റിപ്പുറത്ത് റോഡിന് സംരക്ഷണഭിത്തിയും ഗ്രാവൽ ഫില്ലിംഗും- എർത്ത് ഫില്ലിംഗിന് കുഴിച്ചെടുത്ത മണ്ണ് ഉപയോഗിക്കാതെ അധികതുക നല്കി | 1-21 |
| 22 | സ്കൂളുകൾക്ക് കമ്പ്യൂട്ടറും പ്രോജക്ടറും വാങ്ങൽ പദ്ധതിയിൽ കൂടിയ സ്പെസിഫിക്കേഷനിലെ പ്രൊജക്ടർ വാങ്ങി 3,47,495/- രൂപ നഷ്ടം | 1-22 |
| 23 | ആശ്രയ ഭവനനിർമ്മാണം സംബന്ധിച്ച് | 1-23 |
| | ഭാഗം 3 | |
| 24 | യാത്രാബത്ത - മാസപരിധി അധികരച്ച് തുക നൽകി | 3-1 |
| 25 | സ്കൂളുകൾക്ക് കമ്പ്യൂട്ടറും പ്രോജക്ടറും വാങ്ങൽ പദ്ധതിയിൽ കൂടിയ സ്പെസിഫിക്കേഷനിലെ പ്രൊജക്ടർ വാങ്ങി 3,47,495/- രൂപ നഷ്ടം | 3-2 |
| 26 | കുട്ടികൾക്ക് പ്രഭാതഭക്ഷണം - സർക്കാർ അനുമതിയില്ലാതെ എയ്ഡഡ് സ്കൂളുകൾക്ക് കൂടി ബാധകമാക്കി 7,02,119/-രൂപ തടസ്സപ്പെടുത്തുന്നു. | 3-3 |
| | ഭാഗം 4 | |
| 27 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 28 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 29 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 33 | ഓഡിറ്റ് റിക്കവറി | 4-7 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 35 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 38 | ഓഡിറ്റ് സാക്ഷ്യപത്രം, 2018 – 2019 | അനുബന്ധം-1 |
| 39 | അനുബന്ധ പത്രികകൾ | അനുബന്ധം-2 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

19-03-2018 തീയതിയിലെ l-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 10.01.2019 തീയതിയിലെ 2-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബഡ്ജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 27,37,17,991/- രൂപയും ചെലവ് 27,20,43,151/- രൂപയുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 15-05-2019 | ------- | ------ |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,15,86,431/- |
| വരവ് | 12,13,43,501/- |
| ആകെ | 14,29,29,932/- |
| ചെലവ് | 11,09,43,978/- |
| നീക്കിയിരിപ്പ് | 3,19,85,954/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 22238925 | 22238925 | 22238925 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 12600000 | 12600000 | 12600000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 175000 | 175000 | 0 | 175000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 142840000 | 142840000 | 8751471 | 5532529 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4908000 | 4908000 | 3586485 | 1321515 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 10373000 | 10373000 | 10373000 | - |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 120526 | 31189 | 151715 | 3500 | 148215 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 29053217 | 29053217 | 29053217 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 14524 | 624281 | 638805 | 613045 | 25760 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)tsc | | 1915435 | 1877289 | 3792704 | 679394 | 3113310 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)icds | | 1948534 | 1000192 | 2948726 | 944688 | 2004038 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 6078479 | 3057286 | 9135765 | 3031441 | 6104324 |
| | ജില്ലാ പഞ്ചായത്ത് | 1025000 | 3611636 | 4636636 | 3530524 | 1106112 |
| ബി ഫണ്ട് | | 0 | 1058400 | 1058400 | 1058400 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 16854503 | 39553890 | 56408393 | 32640568 | 23767825 |
| | ട്രഷറി അക്കൗണ്ട് | -2088280 | 12979457 | 10891177 | 10835669 | 55508 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 215 | 17,12,73,112 | 144 | 9,15,42,555 | 53 | 18 | 67 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 14524 | 624281 | 638805 | 613045 | 25760 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 29053217 | 29053217 | 29053217 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5,18,400 | 346 |
| കർഷകതൊഴിലാളി പെൻഷൻ | 9,58,000 | 286 |
| വിധവാപെൻഷൻ | 1,75,63,000 | 1756 |
| വാർദ്ധക്യകാല പെൻഷൻ | 2,37,61,800 | 5638 |
| വികലാംഗപെൻഷൻ | 55,65,600 | 426 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ അമ്മമാർക്കുള്ള പെൻഷൻ | 3,53,200 | 35 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08-08-2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15,049/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധനഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജന രേഖ പ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്.

<u>എ) ഫ്രണ്ട് ഓഫീസ് പ്രവർത്തനം</u>

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾക്കുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

നികുതിപിരിവിന്റെ കാര്യക്ഷമത ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്..

<u>സി) വരവ്-ചെലവുകളുടെ അക്കൗണ്ടിംഗ്</u>

കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വ്യക്തമായ അക്കൗണ്ടിംഗ്

സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്.

പ്രതിദിന കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്. മേൽചട്ടങ്ങളുടെ 29 ാം വകുപ്പിൽ പ്രതിപാദിക്കുംപ്രകാരം ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൌച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്, ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങിസൂക്ഷിക്കുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. പഞ്ചായത്തിലെ അക്കൗണ്ടിംഗ് സമ്പ്രദായം തൃപ്തികരമാണ്.

**ഡി) അനിവാര്യചുമതലകളുടെ നിർവ്വഹണം**

കേരളാപഞ്ചായത്ത് രാജ് ആക്ട് 166ാം വകുപ്പ് 1-ാം ഉപവകുപ്പിൽ ഉൾപ്പെട്ട തെരുവുവിളക്കുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. മേൽ പദ്ധതിപ്രകാരമുള്ള വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/ പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിൽ നടത്തുന്നുണ്ട്.

## ഇ) ആസ്തികളുടെ സംരക്ഷണം

ആസ്തി സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. ആസ്തിരജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. റോഡ്കണക്ടിവിറ്റി പ്ലാൻ , സോഷ്യൽമാപ്പ് ഇവ സൂക്ഷിച്ചിട്ടില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി അഭ്യന്തര നിയന്ത്രണ സംവിധാനം നിലനിൽക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.07.2019 – 05.07.2019 | 06/19 | 05.07.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-04-2016 | 2011-12 മുതൽ | 16-07-2016 |

| | | | |
|---|---|---|---|
| | | 2015-16 വരെ | |

# 1-11 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1. ബാലൻസ് ഷീറ്റ് ബി-14 stock in Hand ആയി പൂജ്യം ആണ് കാണിച്ചിരിക്കുന്നത്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 61,824/- രൂപയുടെ ഇനങ്ങൾ ബാക്കിയുണ്ട്. ആയത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ആസ്തിമൂല്യം കണക്കാക്കാൻ കഴിഞ്ഞിട്ടില്ല.
3. സഞ്ചയപ്രകാരമുള്ള വസ്തുനികുതി കണക്കുകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
4. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടിന്റെ 99,712/- രൂപയുടെ ചെലവ് സുലേഖാ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

## ABSTRACT OF DEFECTS/DISCREPANCIES

1. As per Balance Sheet B-14 schedule, stock in hand is 0. But as per Stock Register , value of balance in stock is Rs.61,824/-. Difference should be explained.
2. Asset Register is not updated.
3. Building Tax amount as per Sanchaya not agree with AFS.
4. Expenditure of Project No.20/19 (Rs.99,712) is not included in the Sulekha Expenditure statement.

## 1-12 യാത്രാബത്ത - മാസപരിധി അധികരച്ച് തുക നൽകി

2018-2019 സാമ്പത്തിക വർഷത്തെ തനത്ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ 6/18 ലെ വൗച്ചർ പ്രകാരം മാസപരിധി അധികരച്ച് യാത്രാബത്ത നൽകിയിട്ടുണ്ട്. 9/9/16ലെ സ.ഉ.(അ) 137/2016 ധന. പ്രകാരം 9/9/16 മുതൽ ഗ്രേഡ്-I അധികാര പരിധിയിലുള്ള ഉദ്യോഗസ്ഥരുടെ പ്രതിമാസ യാത്രാബത്ത പരിധി 4,900/- രൂപയും ഗ്രേഡ്- II(b) ഓഫീസറുടേത് 2,550/- രൂപയുമാണ്.എന്നാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ( ഗ്രേഡ്-I ) , അക്കൗണ്ടന്റ് [ ഗ്രേഡ്- II(b)] എന്നീ തസ്തികകളിലെ ഉദ്യോഗസ്ഥർക്ക് മേൽ സൂചിപ്പിച്ച പരിധിയിലും അധികമായി തുക അനുവദിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര്/തസ്തിക | അടിസ്ഥാന ശമ്പളം | യാത്രാബത്ത ബാധകമായ മാസം | വൗച്ചർ നം/ തീയതി | പ്രതിമാസ പരിധി (രൂപ) | നൽകിയ തുക (രൂപ) | അധികം നൽകിയ തുക (രൂപ) |
|---|---|---|---|---|---|---|---|
| 1 | ശ്രീ.എ.നാസറുദ്ദീൻ സെക്രട്ടറി (ഗ്രേഡ്-I ) | 65400 | 3/18 | 21800274/ 29.06.18 | 4900 | 7128 | 2,228 |
| | | | 4/18 | 21800274/ 29.06.18 | 4900 | 5226(സംസംസ്ഥാനത്തിന് പുറത്തുള്ള യാത്ര ഒഴികെ) | 326 |
| 2 | ശ്രീ.സുരേഷ്കുമാർ, അക്കൗണ്ടന്റ് [ ഗ്രേഡ്- II(b)] | 33900 | 12/17 | 21800275/ 29.06.18 | 2550 | 2798 | 248 |
| ആകെ | | | | | | | 2,802/- |

അധികം നൽകിയ 2,802/- രൂപ തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി-01/08.08.19**

**നഷ്ടം-2,802/- രൂപ**

**ഉത്തരവാദിയായ ഉദ്യോഗസ്ഥൻ-സെക്രട്ടറി,ശ്രീ.എ.നാസറുദ്ദീൻ**

## 1-13 മരുന്ന് വാങ്ങൽ - തുക നൽകി - മരുന്നു ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ , ഹോമിയോ വിവിധ പ്രോജക്ടുകളിലായി മരുന്ന് വാങ്ങുന്നതിനായി തുക നൽകിയെങ്കിലും മരുന്നുകൾ എല്ലാം ലഭ്യമായില്ല .വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം/പേര് | ബിൽ-ചെക്ക് നം./തീ | തുക/ ഫണ്ടിനം. (രൂപ) | ലഭിക്കുവാനുള്ള മരുന്നിന്റെ വില (രൂപ) | തുക ഒടുക്കു വരുത്തിയത് |
|---|---|---|---|---|---|
| 1. | 28/19 ,ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ | 11/18-19 29.09.18 | 4,00,000/- മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 2,81,000/- | ഹോമിയോപ്പതിക് കോർപ്പറേഷൻ ലിമിറ്റഡ് |
| 2. | 31/19,അംബേദ്കർ കോളനി ഹോമിയോ ഹെൽത്ത് സെന്ററിലേക്ക് മരുന്നു വാങ്ങൽ | 12/18-19 29.09.18 | 2,00,000/- വികസന ഫണ്ട് (എസ്.സി.പി) | 26,176/- | ഹോമിയോപ്പതിക് കോർപ്പറേഷൻ ലിമിറ്റഡ് |
| 3. | 30/19,വൃദ്ധജനങ്ങൾക്ക് പ്രത്യേക ഒ.പി. | 13/18-19 29.09.18 | 2,71,300/- വികസന ഫണ്ട് (ജനറൽ) | 2,71,300/- | ഹോമിയോപ്പതിക് കോർപ്പറേഷൻ ലിമിറ്റഡ് |

മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിൽ എടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

30/19, വൃദ്ധജനങ്ങൾക്ക് പ്രത്യേക ഒ.പി. എന്ന പ്രോജക്ട് പ്രകാരം കേസ് രജിസ്റ്റർ, രജിസ്ട്രേഷൻ കാർഡ് എന്നിവ 5000 കോപ്പി വീതം തയ്യാറാക്കുന്നതിന് 3 ക്വട്ടേഷനുകൾ ലഭിച്ചിട്ടുള്ളതും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ജി.ഇ.സി.ബി. പ്രിന്റേഴ്സിന്റെ ക്വട്ടേഷൻ സ്വീകരിക്കുകയും ചെയ്തു. എന്നാൽ ക്വട്ടേഷൻ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി-02/13.08.19**

## 1-14 വീട് മെയിന്റനൻസ്- അഡ്വാൻസ് കൈപ്പറ്റിയിട്ട് പണി നടത്തിയിട്ടില്ല

പ്രോജക്ട് നമ്പർ – 44/19

പ്രോജക്ട് - വീട് മെയിന്റനൻസ് -എസ്. സി, ജനറൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

വീട് മെയിന്റനൻസ് -എസ്. സി, ജനറൽ എന്നീ പ്രോജക്ടുകൾക്കായി താഴെ പറയുന്ന ഗുണഭോക്താക്കൾ അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും നാളിതുവരെ പണി നടത്തി രണ്ടാം/അവസാന ഗഡു കൈപ്പറ്റിയിട്ടില്ല.

| പേര് | വാർഡ് | കൈപ്പറ്റിയ തുക | ബിൽ / ചെക്ക് നം. /തീയതി |
|---|---|---|---|
| ശാന്തകുമാരി, ദീപ്തി നിവാസ് , കരിന്തോട്ടുവാ,ശാസ്താംകോട്ട | 6 | 25,000/- | 2178188/ 26.12.18 |
| രാധാമണി, അതുൽനിവാസ്, കരിന്തോട്ടുവാ, ശാസ്താംകോട്ട | 6 | 25,000/- | 2178188/ 26.12.18 |
| ദേവകി ,കിഴക്കേകോട്ട, പുന്നമൂട് , ശാസ്താം കോട്ട | | 50,000/- | 2178188/ 26.12.18 |
| ചെല്ലമ്മ,ഊരാളശ്ശേരീൽ , മനക്കര | 18 | 50,000/- | 2178188/ 26.12.18 |
| ബാലകൃഷണൻ, ചിന്നൂസ്, ഭരണിക്കാവ് | 18 | 50,000/- | 2178188/ 26.12.18 |
| രാജീവ്, രാജീവ് ഭവൻ, മനക്കര, ശാസ്താംകോട്ട | | 50,000 | 2178188/ 26.12.18 |
| രത്നമ്മ, രത്നമ്മഭവൻ ,കരിന്തോട്ടുവ | | 50,000/- | 2178188/ 26.12.18 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പണി പൂർത്തീകരിച്ച് വിവരം അറിയിക്കാമെന്ന് മറുപടി ലഭ്യമാക്കി. വീടു പൂർത്തീകരിച്ച് നമ്പർ നൽകിയതിന്റെ രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നമ്പർ – 11/17.8.19**

## 1-15 സംയുക്ത പ്രോജക്ടിനുള്ള തുകകൾ വർഷങ്ങളായി ചെലവഴിക്കാതെ തനതുഫണ്ടിൽ സൂക്ഷിക്കുന്നു.

സംയുക്ത പ്രോജക്ടിനായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച തുകകൾ വർഷങ്ങളായി തനതുഫണ്ടിൽ സൂക്ഷിക്കുന്നു. വാർഷികകണക്കുകൾ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | വിവരണം | 1-4-2018 ലെ മുൻബാക്കി | 18-19 വർഷത്തെ വരവ് | ആകെ | ചെലവ് | നിക്കു ബാക്കി |
|---|---|---|---|---|---|---|
| 320700104 | Contributions for jt. Ventureprojects | 2013050 | 0 | 2013050 | 0 | 2013050 |

| | | | | | | |
|---|---|---|---|---|---|---|
| | from block panchayat | | | | | |
| 320700105 | Contributions for jt. Ventureprojects from district panchayat | 9,00,000 | 0 | 900000 | 0 | 900000 |
| 320700204 | Contributions for jt. Ventureprojects from block panchayat | 2065429 | 3057286 | 5122715 | 3031441 | 2091274 |
| 320700205 | Contributions for jt. Ventureprojects from jilla panchayat | 125000 | 3611636 | 3736636 | 3530524 | 206112 |
| 320700304 | Contributions for other specific purpose for capital exp. From block panchayat | 20,00,000 | 0, | 20,00,000 | 0 | 20,00,000 |

ടി തുകകൾ വർഷങ്ങളായി തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ലഭിച്ച തുകകൾ പ്രോജക്ട് പ്രകാരം ഇനം തിരിച്ച് കണക്കാക്കി. ഏത് ആവശ്യത്തിനാണോ വന്നത് ആയതിന് വേണ്ടി ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്ന തുകകൾ തിരിച്ച് കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടയ്ക്കേണ്ടതാണ്.

## 1-16. ലൈഫ് ഭവന പദ്ധതി സംബന്ധിച്ച്

പ്രോജക്ട് നമ്പർ --100/18-19

പ്രോജക്ട് --ലൈഫ് ഭവന പദ്ധതി(ജനറൽ )

നിർവ്വഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ - 54,00,000/-രൂപ

4470400(വികസനഫണ്ട് ജനറൽ )

329600(തനതുഫണ്ട്)

1824328(ബ്ലോക്ക് പഞ്ചായത്ത് വിഹിതം )

1808343(ജില്ലാ പഞ്ചായത്ത് വിഹിതം )

45567329(ലോൺ)

ചെലവ് 4470400(വികസനഫണ്ട് ജനറൽ )

329600(തനതുഫണ്ട്)

1824328(ബ്ലോക്ക് പഞ്ചായത്ത് വിഹിതം )

1808343(ജില്ലാ പഞ്ചായത്ത് വിഹിതം )

21384633 (ലോൺ)

പ്രസ്തുത പ്രോജക്ട് പ്രകാരം അഡ്വാൻസ് തുക കൈപ്പറ്റിയ (40,000/ബിൽ നം.3/13-7-2018) സരസ്വതി, കോയിപ്പുറത്ത് കിഴക്കതിൽ , മുതുപ്പിലാക്കാട് വാർഡ് -9 (life id 748696) എന്ന ഗുണഭോക്താവ് ബാക്കി പണി നടത്തി വീട്ടു പണി പൂർത്തിയാക്കിയിട്ടില്ല. ആയതിന് കാരണം വിശദമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ടിയാൾ പണി പൂർത്തിയാക്കാഞ്ഞതിനാൽ കത്ത് നൽകിയപ്പോൾ ടി വസ്തു സംബന്ധിച്ച തർക്കം കേസായി കോടതിയിൽ നിലനിൽക്കുന്നതിനാൽ വീട്ടുപണി പൂർത്തിയാക്കാനായി ഡിസംബർ വരെ സമയം അനുവദിക്കണമെന്ന അപേക്ഷ ലൈഫ് മിഷൻ അംഗീകരിച്ചിട്ടുണ്ട്. ആയതിനു ശേഷം വീട്ടു പണി പൂർത്തീകരിച്ചില്ലെങ്കിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ആയത് പൂർത്തീകരിച്ച് തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. – 7/13.8.19**

## 1-17. പൈപ്പ് ലൈൻ സ്ഥാപിച്ചത് സംബന്ധിച്ച്

നിർവ്വഹണോദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

1)വാർഡ് 2, 3 ൽ പെപ്പ് ലൈൻ നീട്ടൽ എന്ന പദ്ധതിയ്ക്കായി est.2017/4547നമ്പർ കത്ത് പ്രകാരം 10,30,000/-രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിരുന്നു. ആയതിൽ 3,39,310/- രൂപ ഒടുക്കിയിരുന്നു. ബാക്കി തുക താഴെ പറയും പ്രകാരം ഒടുക്കിയിട്ടുണ്ട്.

ബിൽ നമ്പർ --28/18-19/15-12-18 -----6,83,850/-

29/18-19/15-12-18 ------6,840/-

എന്നാൽ നാളിതുവരെ ആയതിന്റെ പണി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2) ആലത്തൂർ പ്രദേശത്തെ (വാർഡ് 16) പൈപ്പ് ലൈൻ സ്ഥാപിക്കാനായി ബിൽ നമ്പർ 42/18-19/10-3-2019 പ്രകാരം 2,14,000/- രൂപാ est. 2018/13188—നമ്പർ എസ്റ്റിമേറ്റ്

പ്രകാരം ഒടുക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ആയതിന്റെ പണി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

3) പദ്മാവതി ജംഗ്ഷന് സമീപം (വാർഡ് 16) പൈപ്പ് ലൈൻ സ്ഥാപിക്കാനായി ബിൽ നമ്പർ 49/18-19/26-3-2019 പ്രകാരം 132358/- രൂപാ est.2019/1194 പ്രകാരം ഒടുക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ആയതിന്റെ പണി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

4) deposit work of sasthamcottah grama panchayat extension of pipeline by laying 63 mm pvc pipe at various location

ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചത് താഴെ പറയും പ്രകാരം ആണ്.

നിക്ഷേപിച്ച തുക – 2,08,740/29-1-2018

ചെലവായ തുക – 1,75,486/-

ബാക്കി തുക – 33,254/-

എന്നാൽ ടി തുക നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പണി പൂർത്തിയാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ ടിയിനത്തിൽ പ്രസ്തുത സാമ്പത്തിക വർഷം ചെലവായ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു . വിനിയോഗസാക്ഷ്യപത്രവും ബാക്കി തുക തിരികെ ഈടാക്കിയതിന്റെ രേഖകളും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. – 6/13.8.19**

## 1-18 ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തു പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും വാണിജ്യ വ്യാപാര സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ എല്ലാ വ്യാപാര സ്ഥാപനങ്ങളും ഡി &ഒ ലൈസൻസ്, തൊഴിൽ നികുതി എന്നിവ കൃത്യമായി അടയ്ക്കുന്നുവെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല.

ടി സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിൽ ആകെ 623 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട് . പരിശോധനയ്ക്ക് ഹാജരാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ 462 സ്ഥാപനങ്ങൾ മാത്രമാണുള്ളത്. 2017-18 സാമ്പത്തിക വർഷം 614 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിരിക്കെ ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല എന്ന വസ്തുതയാണ് മനസ്സിലാക്കാൻ കഴിയുന്നത്. ടി വ്യത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് വാർഡ്തലത്തിൽ ക്രമീകരിച്ചപ്പോൾ സംഭവിച്ച അപാകത മൂലമാണ് ലിസ്റ്റിൽ നിന്നും പേരുകൾ ഒഴിവായത് എന്നാണ് മറുപടി ലഭിച്ചത് . വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ആയതിൻെറ

അടിസ്ഥാനത്തിൽ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയ്ക്കുള്ളിൽ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമനം 149). ട്രേഡേഴ്സ് ലിസ്റ്റ് അനുസരിച്ച് പഞ്ചായത്തുപരിധിയിൽ 8 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ടി സ്ഥാപനങ്ങൾ ഒന്നുംതന്നെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം.9/16.8.19**

## 1-19 പാലിയേറ്റീവ് കെയർ പദ്ധതി -മരുന്നുകൾ ലഭ്യമായിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മെഡിക്കൽ ഓഫീസർ , സി.എച്ച്.സി നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ പദ്ധതി (138/18-19) പ്രകാരം 1,36,856/- രൂപയുടെ മരുന്നുകളും ഉപകരണങ്ങളും ലഭിക്കുവാനുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊഫോർമ ഇൻവോയ്സ് നം./തീയതി, തുക | ലഭിച്ച മരുന്നുകളുടെ ഇൻവോയ്സ് നം./ തീയതി, തുക | ലഭിക്കുവാനുള്ള മരുന്നുകളുടെ തുക |
|---|---|---|
| PRF 619, 23.07.2018, 1,72,360/-രൂപ | 2041/16.05.2019, 24,299/-രൂപ<br>1503/07.05.2019, 44274/-രൂപ<br>16478/ 22.02.2019, 6,050/-രൂപ<br>16396/07.02.2019, 9.948/-രൂപ | 87,789/-രൂപ |
| PRF 620, 23.07.2018, 34,200/-രൂപ | ലഭിച്ചില്ല. | 34,200/-രൂപ |
| PRF 2419, 23.07.2018, 36,285/-രൂപ | 2179/21.12.2018, 21,418/-രൂപ | 14,867/-രൂപ |
| | | |

| | | |
|---|---|---|
| | ആകെ | 1,36,856/-രൂപ |

മേൽവിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 05/13-8-19) മരുന്നുകൾ ബന്ധപ്പെട്ട ഏജൻസി വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന മറുപടിയാണ് ലഭിച്ചത്. തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-20 കുട്ടികൾക്ക് പ്രഭാതഭക്ഷണം - സർക്കാർ അനുമതിയില്ലാതെ എയ്ഡഡ് സ്കൂളുകൾക്ക് കൂടി ബാധകമാക്കി 7,02,119/- രൂപ തടസ്സപ്പെടുത്തുന്നു.

സർക്കാർ ഉത്തരവ് (കൈ) നം.11/2018 ത.സ്വ.ഭ.വ 29.01.18 ഖണ്ഡിക 7.8.3, 7.6(7) എന്നിവ പ്രകാരം സർക്കാർ സ്കൂളുകളിലെ ഏഴാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിനുള്ള പ്രോജക്ടുകൾ സ്കൂളുകളുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് , പ്രോജക്ട് നം,125/19, പ്രോജക്ട് നം,128/19 എന്നീ പദ്ധതികളിലായി ആകെ 2325289/- രൂപ പ്രഭാതഭക്ഷണത്തിനായി ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 500000/- രൂപ എസ്.സി.പി ഫണ്ടാണ്.
നിർവ്വഹണം – ശ്രീമതി.ബി.പ്രസന്നകുമാരി അമ്മ, ഹെഡ്മിസ്ട്രസ്സ്, എൽ.പി.എസ്, മുതുപിലാക്കാട്

<u>പദ്ധതി വിവരം</u>

| പദ്ധതി നം. | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 125/19 | കുട്ടികൾക്ക് പ്രഭാതഭക്ഷണം (വികസനഫണ്ട് ജനറൽ) | 20,68,652 | 18,25,289 |
| 128/19 | കുട്ടികൾക്ക് പ്രഭാതഭക്ഷണം എസ്.സി.പി | 5,00,000 | 5,00,000 |
| **ആകെ** | | **25,68,652** | **23,25,289** |

എന്നാൽ പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്കൂളുകളിൽ ചുവടെ സൂചിപ്പിക്കുന്ന എയ്ഡഡ് സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

1.പള്ളിശ്ശേരിക്കൽ എൽ.പി.എസ്

2.സെന്റ് മേരീസ് എൽ.പി.എസ്

3.എ.എം എൽ.പി.എസ് ,മനക്കര.

സർക്കാർ സ്കൂളുകൾക്ക് മാത്രമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പാക്കാൻ മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടുള്ളത്. വിവിധ ബില്ലുകളിലായി എയ്ഡഡ് സ്ഥാപനത്തിന് അനുവദിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ബിൽനം / ചെക്ക് നം | ബിൽ തുക | എയ്ഡഡ് സ്കൂളുകൾക്ക് അനുവദിച്ച തുക |
|---|---|---|
| 4/18-19, തീയതി 13.02.18 | 3,21,013 | 1,01,266 |
| 5/18-19, തീയതി 19.12.18 | 3,23,534 | 98,682 |
| 8/18-19, തീയതി 19.02.19 | 5,15,443 | 1,56,628 |
| 3/18-19, തീയതി 17.08.18 | 3,84,532 | 1,23,289 |
| 10/18-19, തീയതി 7.03.19 | 1,15,468 | 79,002 |
| ചെക്ക് നം. 2178168 ,തീയതി 29.10.18 | 4,83,210 | 1,43,252 |
| ചെക്ക് നം. 2178168 ,തീയതി 29.10.18 | 1,82,089 | - |
| | 23,25,289 | 7,02,119 |

സർക്കാർ സ്കൂളുകൾക്ക് മാത്രം നടപ്പാക്കുന്ന പദ്ധതി എയ്ഡഡ് സ്കൂളുകൾക്ക് കൂടി ബാധകമാക്കുന്നതിന് വേണ്ടി 22.05.18 ലെ 3(1) കമ്മിറ്റി തീരുമാന പ്രകാരം പഞ്ചായത്ത് സെക്രട്ടറി , സി1-974/2018 തീയതി 22.05.18 നമ്പർ കത്ത് കോ – ഓർഡിനേഷൻ കമ്മിറ്റിക്ക് സമർപ്പിച്ചിരുന്നെങ്കിലും അനുമതി ലഭ്യമായില്ല.

സർക്കാർ അനുമതിയില്ലാതെ എയ്ഡഡ് സ്കൂളുകൾക്ക് അനുവദിച്ച 7,02,119/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അനുമതി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21. കുറ്റിപ്പുറത്ത് റോഡിന് സംരക്ഷണഭിത്തിയും ഗ്രാവൽ ഫില്ലിംഗും-

പ്രോജ നം - 80/19

എഗ്രി നം-തീയതി -12/AE/LSGD/18 dt 30-8-18

അടങ്കൽ തുക -3,50,000/-രൂപ

എം ബുക്ക് -33/18-19

കോൺട്രാക്ടർ - പ്രസന്നൻ

ബിൽ നം-തീയതി -23/18-19 dt 28-11-19

പ്രസ്തുത പ്രവർത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 7-ാം ഇനമായി കോൺട്രാക്ടറുടെ സ്വന്തം മണ്ണ് ഉപയോഗിച്ചുള്ള ഫില്ലിംഗ് നടത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം 61m നീളത്തിലും 80cm വീതിയിലും 50cm കനത്തിലും 24.40$m^3$ മണ്ണ്ഫില്ലിംഗ് നടത്തേണ്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എം. ബുക്ക് പേജ് നം പ്രകാരം താഴെ പറയുന്ന അളവിൽ മണ്ണ് ഫില്ലിംഗ് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

10 x 3.20 x .1 + .5/2 – 9.6

10 x 3.20 x .5 -16

15x3x.30 -13.5

10 x 3.00 x (.3 + .1)/2 = 6

ആകെ ----- 45.10

(-) 10% shrinkage -------- -4.51

----------

40.59

(-) excavated earth ----------- - 26.73

----------

$13.86m^3$

എം ബുക്ക് പേജ് നം 17 പ്രകാരമുള്ള ഫില്ലിംഗ്

5.78x 2.15x (.8+.4)/2 = $7.45m^3$

4.35x1.10x (.7+.4)/2 = $2.63m^3$

3.55x1.05x (.6+.2)/2 =$1.49m^3$

----------

$11.58m^3$

(-) shrinkage -------- – 1.58

-----------

$10.42m^3$

ആകെ 13.86 +10.42 =24.28 $m^3$ ന് തുക അനുവദിച്ച് നല്കിയിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഫില്ലിംഗ് നടത്തേണ്ട സ്ഥലത്തിന്റെ വീതി 80cm മാത്രമാണ്. എന്നാൽ എം ബുക്കിൽ 3m വീതിയിൽ ഫില്ലിംഗ് നടത്തിയതായി രേഖപ്പെടുത്തുകയും പ്രസ്തുത അളവിൽ നിന്ന് ഇതേ പ്രവൃത്തിയുടെ ഒന്നാം ഇനമായി കുഴിച്ചെടുത്ത $26.73m^3$ മണ്ണിന്റെ അളവ് കുറയ്ക്കുകയും ചെയ്തിരിക്കുന്നു. എസ്റ്റിമേറ്റ് അളവിൽ ലിമിറ്റ് ചെയ്തതിനുശേഷമാണ് കുഴിച്ചെടുത്ത മണ്ണിന്റെ അളവ് കുറയ്ക്കേണ്ടത്.

റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഫില്ലിംഗിന് $24.40m^3$ മണ്ണ് മാത്രമാണ് ആവശ്യമുള്ളത്. ഇതേ പ്രവൃത്തിയിൽ തന്നെ $26.73m^3$ മണ്ണ് കുഴിച്ചെടുത്തിട്ടുള്ളതിനാൽ ഫില്ലിംഗിനുവേണ്ടി

അധികം ചെലവഴിച്ച 7161.87/-രൂപ (24.28m$^3$x 294.97=7161,87/-) ആഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഇത് സംബന്ധിച്ച് നല്കിയ ആഡിറ്റ് എൻക്വയറി നം 3/13-8-19 ന് അസി.എൻജിനിയർ നല്കിയ മറുപടിയിൽ കുഴിച്ചെടുത്ത മണ്ണിന്റെ ഉപയോഗത്തെക്കുറിച്ച് വിശദീകരിച്ചിട്ടില്ലാത്തതിനാൽ ആയത് അംഗീകരിക്കാവുന്നതല്ല. അധികം ചെലവഴിച്ച 7,161.87/-രൂപ കോൺട്രാക്ടറിൽ നിന്നോ ഉത്തരവാദിയായ അസി എൻജിനിയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-22 സ്കൂളുകൾക്ക് കമ്പ്യൂട്ടറും പ്രോജക്ടറും വാങ്ങൽ പദ്ധതിയിൽ കൂടിയ സ്പെസിഫിക്കേഷനിലെ പ്രൊജക്ടർ വാങ്ങി 3,47,495/-രൂപ നഷ്ടം

സ്കൂളുകൾക്ക് കമ്പ്യൂട്ടറും പ്രൊജക്ടറും എന്ന പദ്ധതിയിൽ (പദ്ധതി നം. 161/19) 750000 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച് 7,42,498/- രൂപ ചെലവഴിച്ച പദ്ധതിയിൽ ഓഡിറ്റ് വർഷം അഞ്ച് സർക്കാർ എൽ.പി സ്കൂളുകൾക്ക് അഞ്ച് വീതം കമ്പ്യൂട്ടറും പ്രൊജക്ടറും വാങ്ങി നൽകി. ഹെഡ്മിസ്ട്രസ് നിർവ്വഹണോദ്യോഗസ്ഥയായ പ്രസ്തുത പദ്ധതിയിൽ ഇ-ടെൻഡർ നടത്തിയിട്ടുള്ളത് സെക്രട്ടറിയാണ്. ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 6.08.2018 ലെ സി 1 / 28/18 നമ്പർ ഇ ടെൻഡറിൽ കമ്പ്യൂട്ടറിന്റെയും പ്രൊജക്ടറിന്റെയും സ്പെസിഫിക്കേഷൻ അംഗീകരിച്ചിട്ടുള്ളതും സെക്രട്ടറിയാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ 7.9.18 ലെ 4/I V തീരുമാനപ്രകാരം സെക്രട്ടറിയുടെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളാണോ ക്വാട്ട് ചെയ്തിട്ടുള്ളതെന്ന് പരിശോധിച്ച് റിമാർക്സ് വാങ്ങി ടെൻഡർ നടപ്പാക്കുന്നതിന് തീരുമാനിച്ചു. ഇതനുസരിച്ച് സ്പെസിഫിക്കേഷൻ പരിശോധിച്ച ഐ.കെ.എം.ജില്ലാ കോഡിനേറ്റർ രണ്ട് സ്ഥാപനങ്ങൾ മാത്രമാണ് ടെൻഡർ സ്പെസിഫിക്കേഷൻ അനുസരിക്കുന്നുള്ളു എന്നറിയിക്കുകയും അവയിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത കെ.എം ടെക്നോളജീസ് എന്ന സ്ഥാപനത്തിന് ഹെഡ്മിസ്ട്രസ് 02-11-18 ൽ സപ്ലൈ ഓർഡർ നൽകുകയുമാണ് ചെയ്തത്.

പൊതുവിദ്യാഭ്യാസ (ഡി) വകുപ്പിന്റെ 6/1/18-ലെ സ.ഉ.(സാധാ.)നം.97/2018-ാം നമ്പർ ഉത്തരവ് പ്രകാരം സ്കൂളുകൾക്ക് ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങുമ്പോൾ വാങ്ങുന്ന ഇനങ്ങളുടെ മിനിമം സ്പെസിഫിക്കേഷനും പരമാവധി വിലയും സംബന്ധിച്ച മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് മൾട്ടിമീഡിയ പ്രൊജക്ടറുകൾക്ക് പരമാവധി ചെലവഴിക്കാവുന്ന തുക 23,860/- രൂപ മാത്രമാണ് . കമ്പ്യൂട്ടറുകൾക്കും പ്രൊജക്ടറുകൾക്കും ചെലവായ 7,42,498/- രൂപയിൽ [ബിൽ നം.6/18-19 തീയതി 19- 12-18] പ്രൊജക്ടറുകൾക്ക് മാത്രമായി 4,66,795 രൂപ ചെലവ് വന്നിട്ടുണ്ട് [ കമ്പ്യൂട്ടർ ഒന്നിന് 24,576/-രൂപയും പ്രൊജക്ടർ ഒന്നിന് 93,359/-രൂപയും ]. സർക്കാർ നിർദ്ദേശിച്ച പരമാവധി വിലയും സ്പെസിഫിക്കേഷനും അനുസരിക്കാത്തതിനാൽ ഈ ഇനത്തിൽ 3,47,495/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ 14.08.2019 തീയതിയിലെ ഓഡിറ്റ് എൻക്വയറി നം. 8-നുള്ള മറുപടിയിൽ സപ്ലൈ ഓർഡർ

മാത്രമാണ് നൽകിയതെന്നും സ്പെസിഫിക്കേഷൻ സെക്രട്ടറിയാണ് നൽകിയതെന്നുമാണ് നിർവ്വഹണോദ്യോഗസ്ഥ സൂചിപ്പിച്ചിട്ടുള്ളത്. ഈ തുക ഉയർന്ന സ്പെസിഫിക്കേഷനിൽ ടെൻഡർ വിളിച്ച സെക്രട്ടറിയിൽ നിന്നും സപ്ലൈ ഓർഡർ നൽകിയ ഹെഡ്മിസ്ട്രസ്സിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-23. ആശ്രയ ഭവനനിർമ്മാണം സംബന്ധിച്ച്

വി.ഇ.ഒ. നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആശ്രയ ഭവനനിർമ്മാണം എന്ന പ്രോജക്ടിനായി വീടു നിർമ്മാണത്തിന് ആനുകൂല്യം ലഭിച്ച സജിത, സന്തോഷ് ഭവനം പനപ്പെട്ടി , പോരുവഴി പി.ഒ (വാർഡ് 1) എന്ന വ്യക്തിക്ക് വീടു വച്ചു നൽകുന്നതിന് കുടുംബശ്രീയെ ചുമതലപ്പെടുത്തിയിരുന്നു. ആയത് പ്രകാരം തുക (4,00,000/-രൂപ) ടി കുടുംബശ്രീക്ക് നൽകിയിരുന്നു. എന്നാൽ ആയതിന്റെ ഫയൽ , മിനിട്ട്സ് എന്നിവ പരിശോധിച്ചപ്പോൾ കുടുംബശ്രീ വഴി ഭവനനിർമ്മാണം നടത്താതെ ടി അക്കൗണ്ടിൽ നിന്നും ടി തുക ശ്രീമതി സജിതയ്ക്ക് നേരിട്ട് നൽകുകയാണ് ഉണ്ടായിട്ടുള്ളത്. ആയതിന് കാരണം വിശദമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ടി ഫണ്ട് കുടുംബശ്രീയുടെ അക്കൗണ്ടിലേക്ക് ആണ് നൽകിയിരുന്നത് എന്നും ആയത് സജിതയ്ക്ക് നേരിട്ട് നൽകിയ വിവരം അറിയില്ലായിരുന്നു എന്നും ആണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ആയത് അംഗീകരിക്കാവുന്നതല്ല. എന്നിരുന്നാലും സജിത വീടു പണി പൂർത്തിയാക്കിയതിനാൽ തുടർനടപടികൾ ഒഴിവാക്കുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 യാത്രാബത്ത - മാസപരിധി അധികരച്ച് തുക നൽകി

2018-2019 സാമ്പത്തിക വർഷത്തെ തനത്ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ 6/18 ലെ വൗച്ചർ പ്രകാരം മാസപരിധി അധികരച്ച് യാത്രാബത്ത നൽകിയിട്ടുണ്ട്. 9/9/16ലെ സ.ഉ.(അ) 137/2016 ധന.പ്രകാരം 9/9/16 മുതൽ ഗ്രേഡ്-I അധികാര പരിധിയിലുള്ള ഉദ്യോഗസ്ഥരുടെ പ്രതിമാസ യാത്രാബത്ത പരിധി 4,900/- രൂപയും ഗ്രേഡ്- II(b) ഓഫീസറുടേത് 2,550/- രൂപയുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ( ഗ്രേഡ്-I) , അക്കൗണ്ടന്റ് [ഗ്രേഡ്- II(b)] എന്നീ തസ്തികകളിലെ ഉദ്യോഗസ്ഥർക്ക് മേൽ സൂചിപ്പിച്ച പരിധിയിലും അധികമായി തുക അനുവദിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര്/തസ്തിക | അടിസ്ഥാന ശമ്പളം | യാത്രാബത്ത ബാധകമായ മാസം | വൗച്ചർ നം/ തീയതി | പ്രതിമാസ പരിധി (രൂപ) | നൽകിയ തുക (രൂപ) | അധികം നൽകിയ തുക (രൂപ) |
|---|---|---|---|---|---|---|---|
| 1 | ശ്രീ.എ.നാസറുദ്ദീൻ സെക്രട്ടറി (ഗ്രേഡ്-I ) | 65400 | 3/18 | 21800274/ 29.06.18 | 4900 | 7128 | 2,228 |
| | | | 4/18 | 21800274/ | 4900 | 5226 | 326 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | 29.06.18 | | (സംസംസ്ഥാനത്തിന് പുറത്തുള്ള യാത്ര ഒഴികെ) | |
| 2 | ശ്രീ.സുരേഷ്കുമാർ, അക്കൗണ്ടന്റ് [ ഗ്രേഡ്- II(b)] | 33900 | 12/17 | 21800275/ 29.06.18 | 2550 | 2798 | 248 |
| ആകെ | | | | | | | 2,802/- |

അധികം നൽകിയ 2,802/- രൂപ തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി-01/08.08.19**

**നഷ്ടം-2,802/- രൂപ**

**ഉത്തരവാദിയായ ഉദ്യോഗസ്ഥൻ-സെക്രട്ടറി,ശ്രീ.എ.നാസറുദ്ദീൻ**

## 3-2 സ്കൂളുകൾക്ക് കമ്പ്യൂട്ടറും പ്രോജക്ടറും വാങ്ങൽ പദ്ധതിയിൽ കൂടിയ സ്പെസിഫിക്കേഷനിലെ പ്രൊജക്ടർ വാങ്ങി 347495/- നഷ്ടം

സ്കൂളുകൾക്ക് കമ്പ്യൂട്ടറും പ്രൊജക്ടറും എന്ന പദ്ധതിയിൽ (പദ്ധതി നം. 161/19) 7,50,000 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച് 7,42,498/- രൂപ ചെലവഴിച്ച പദ്ധതിയിൽ ഓഡിറ്റ് വർഷം അഞ്ച് സർക്കാർ എൽ.പി സ്കൂളുകൾക്ക് അഞ്ച് വീതം കമ്പ്യൂട്ടറും പ്രൊജക്ടറും വാങ്ങി നൽകി. ഹെഡ്മിസ്ട്രസ് നിർവ്വഹണോദ്യോഗസ്ഥയായ പ്രസ്തുത പദ്ധതിയിൽ ഇ-ടെൻഡർ നടത്തിയിട്ടുള്ളത് സെക്രട്ടറിയാണ്. ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 6.08.2018 ലെ സി 1 / 28/18 നമ്പർ ഇ ടെൻഡറിൽ കമ്പ്യൂട്ടറിന്റെയും പ്രൊജക്ടറിന്റെയും സ്പെസിഫിക്കേഷൻ അംഗീകരിച്ചിട്ടുള്ളതും സെക്രട്ടറിയാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ 7.9.18 ലെ 4/I V തീരുമാനപ്രകാരം സെക്രട്ടറിയുടെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളാണോ ക്വാട്ട് ചെയ്തിട്ടുള്ളതെന്ന് പരിശോധിച്ച് റിമാർക്സ് വാങ്ങി ടെൻഡർ നടപ്പാക്കുന്നതിന് തീരുമാനിച്ചു. ഇതനുസരിച്ച് സ്പെസിഫിക്കേഷൻ പരിശോധിച്ച ഐ.കെ.എം.ജില്ലാ കോഡിനേറ്റർ രണ്ട് സ്ഥാപനങ്ങൾ മാത്രമാണ് ടെൻഡർ സ്പെസിഫിക്കേഷൻ അനുസരിക്കുന്നുള്ളു എന്നറിയിക്കുകയും അവയിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത കെ.എം ടെക്നോളജീസ് എന്ന സ്ഥാപനത്തിന് ഹെഡ്മിസ്ട്രസ് 02-11-18 ൽ സപ്ലൈ ഓർഡർ നൽകുകയുമാണ് ചെയ്തത്.

പൊതുവിദ്യാഭ്യാസ (ഡി) വകുപ്പിന്റെ 6/1/18-ലെ സ.ഉ.(സാധാ.)നം.97/2018-ാം നമ്പർ ഉത്തരവ് പ്രകാരം സ്കൂളുകൾക്ക് ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങുമ്പോൾ വാങ്ങുന്ന ഇനങ്ങളുടെ മിനിമം സ്പെസിഫിക്കേഷനും പരമാവധി വിലയും സംബന്ധിച്ച മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് മൾട്ടിമീഡിയ പ്രൊജക്ടറുകൾക്ക് പരമാവധി ചെലവഴിക്കാവുന്ന തുക 23,860/- രൂപ മാത്രമാണ് . കമ്പ്യൂട്ടറുകൾക്കും പ്രൊജക്ടറുകൾക്കും ചെലവായ 7,42,498/- രൂപയിൽ [ബിൽ നം.6/18-19 തീയതി 19- 12-18] പ്രൊജക്ടറുകൾക്ക് മാത്രമായി 4,66,795 രൂപ ചെലവ് വന്നിട്ടുണ്ട് [ കമ്പ്യൂട്ടർ ഒന്നിന്

24,576/-രൂപയും പ്രൊജക്ടർ ഒന്നിന് 93,359/-രൂപയും ]. സർക്കാർ നിർദ്ദേശിച്ച പരമാവധി വിലയും സ്പെസിഫിക്കേഷനും അനുസരിക്കാത്തതിനാൽ ഈ ഇനത്തിൽ 3,47,495/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ 14.08.2019 തീയതിയിലെ ഓഡിറ്റ് എൻക്വയറി നം. 8-നുള്ള മറുപടിയിൽ സപ്ലൈ ഓർഡർ മാത്രമാണ് നൽകിയതെന്നും സ്പെസിഫിക്കേഷൻ സെക്രട്ടറിയാണ് നൽകിയതെന്നുമാണ് നിർവ്വഹണോദ്യോഗസ്ഥ സൂചിപ്പിച്ചിട്ടുള്ളത്. ഈ തുക ഉയർന്ന സ്പെസിഫിക്കേഷനിൽ ടെൻഡർ വിളിച്ച സെക്രട്ടറിയിൽ നിന്നും സപ്ലൈ ഓർഡർ നൽകിയ ഹെഡ്മിസ്ട്രസ്സിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-3 കുറ്റിപ്പുറത്ത് റോഡിന് സംരക്ഷണഭിത്തിയും ഗ്രാവൽ ഫില്ലിംഗും- എർത്ത് ഫില്ലിംഗിന് കുഴിച്ചെടുത്ത മണ്ണ് ഉപയോഗിക്കാതെ അധികതുക നല്കി

പ്രോജ നം - 80/19

എഗ്രി നം-തീയതി -12/AE/LSGD/18 dt 30-8-18

അടങ്കൽ തുക -3,50,000/-രൂപ

എം ബുക്ക് -33/18-19

കോൺട്രാക്ടർ - പ്രസന്നൻ

ബിൽ നം-തീയതി -23/18-19 dt 28-11-19

പ്രസ്തുത പ്രവർത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 7-ാം ഇനമായി കോൺട്രാക്ടറുടെ സ്വന്തം മണ്ണ് ഉപയോഗിച്ചുള്ള ഫില്ലിംഗ് നടത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം 61m നീളത്തിലും 80cm വീതിയിലും 50cm കനത്തിലും 24.40m$^3$ മണ്ണ്ഫില്ലിംഗ് നടത്തേണ്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എം. ബുക്ക് പേജ് നം പ്രകാരം താഴെ പയുന്ന അളവിൽ മണ്ണ് ഫില്ലിംഗ് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

10 x 3.20 x .1 + .5/2 – 9.6

10 x 3.20 x .5 -16

15x3x.30 -13.5

10 x 3.00 x (.3 + .1)/2 = 6

ആകെ ----- 45.10

(-) 10% shrinkage ------- -4.51

---------

40.59

(-) excavated earth ----------- – 26.73

----------

$13.86m^3$

എം ബുക്ക് പേജ് നം 17 പ്രകാരമുള്ള ഫില്ലിംഗ്

$5.78x\ 2.15x\ (.8+.4)/2 = 7.45m^3$

$4.35x1.10x\ (.7+.4)/2 = 2.63m^3$

$3.55x1.05x\ (.6+.2)/2 =1.49m^3$

----------

$11.58m^3$

(-) shrinkage -------- – 1.58

-----------

$10.42m^3$

ആകെ 13.86 +10.42 =24.28 $m^3$ ന് തുക അനുവദിച്ച് നല്കിയിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഫില്ലിംഗ് നടത്തേണ്ട സ്ഥലത്തിന്റെ വീതി 80cm മാത്രമാണ്. എന്നാൽ എം ബുക്കിൽ 3m വീതിയിൽ ഫില്ലിംഗ് നടത്തിയതായി രേഖപ്പെടുത്തുകയും പ്രസ്തുത അളവിൽ നിന്ന് ഇതേ പ്രവൃത്തിയുടെ ഒന്നാം ഇനമായി കുഴിച്ചെടുത്ത $26.73m^3$ മണ്ണിന്റെ അളവ് കുറയ്ക്കുകയും ചെയ്തിരിക്കുന്നു. എസ്റ്റിമേറ്റ് അളവിൽ ലിമിറ്റ് ചെയ്തതിനുശേഷമാണ് കുഴിച്ചെടുത്ത മണ്ണിന്റെ അളവ് കുറയ്ക്കേണ്ടത്.

റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഫില്ലിംഗിന് $24.40m^3$ മണ്ണ് മാത്രമാണ് ആവശ്യമുള്ളത്. ഇതേ പ്രവൃത്തിയിൽ തന്നെ $26.73m^3$ മണ്ണ് കുഴിച്ചെടുത്തിട്ടുള്ളതിനാൽ ഫില്ലിംഗിനുവേണ്ടി അധികം ചെലവഴിച്ച 7161.87/-രൂപ ($24.28m^3$x 294.97=7161,87/-) ആഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഇത് സംബന്ധിച്ച് നല്കിയ ആഡിറ്റ് എൻക്വയറി നം 3/13-8-19 ന് അസി.എൻജിനിയർ നല്കിയ മറുപടിയിൽ കുഴിച്ചെടുത്ത മണ്ണിന്റെ ഉപയോഗത്തെക്കുറിച്ച് വിശദീകരിച്ചിട്ടില്ലാത്തതിനാൽ ആയത് അംഗീകരിക്കാവുന്നതല്ല. അധികം ചെലവഴിച്ച 7,161.87/-രൂപ കോൺട്രാക്ടറിൽ നിന്നോ ഉത്തരവാദിയായ അസി എൻജിനിയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം

# നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 16-08-2019 & 17-08-2019 | റിപ്പോർട്ടിനൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 61750 | സമഗ്ര നെൽകൃഷി വികസനം | 61750 | 0 |
| | | 671208 | ലൈഫ് മിഷൻ ഭവനരഹിതർക്ക് ഭവനം (എസ്.സി.പി.) | 671208 | 0 |
| | | 1824328 | ലൈഫ് മിഷൻ ഭവനരഹിതർക്ക് ഭവനം (ജനറൽ) | 1824328 | 0 |
| | | 200000 | ശാരിരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | | 300000 | പാലിയേറ്റീവ് കെയർ | 274155 | 25845 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 63750 | സമഗ്രനെൽകൃഷി വികസനം 17-18 | 63750 | 0 |
| | | 928792 | ലൈഫ് മിഷൻ ഭവനരഹിതർക്ക് ഭവനം (എസ്.സി.പി.) | 928792 | 0 |
| | | 1808344 | ലൈഫ് മിഷൻ ഭവനരഹിതർക്ക് ഭവനം (ജനറൽ) | 1808343 | 1 |
| | | 180000 | ശാരിരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 180000 | 0 |
| | | 200000 | പോഷകാഹാരം | 200000 | 0 |
| | | 350000 | പാലിന് സബ്സിഡി | 268889 | 81111 |
| | | 80750 | സമഗ്രനെൽകൃഷി വികസനം | 80750 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21801111/18.12.18 | 6840/- | 0 | 6840/- |
| | | 21801111/18.12.18 | 683850/- | 0 | 683850/- |
| | | 21801505/27.02.19 | 214000/- | 0 | 214000/- |
| | | 21801646/20.03.19 | 132358/- | 0 | 132358/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,29,51,962/-രൂപ വരവുണ്ട്. 1,29,51,962/-രൂപയിൽ 1,29,51,962/- രൂപയും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)68/18/ എൽ.എസ്.ജി.ഡി 18-05-2018, | 1,29,51,962/- | 0 | 0 | 0 | 1,29,51,962/- |

## 4-6 സ്ഥിര നിക്ഷേപം

സ്ഥിരനിക്ഷേപം ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-8 | 2011-12 | 4.8 | വൃദ്ധസദനം നിർമ്മാണം | ---- |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)<u>ചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

(ബി)<u>സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 14,29,29,932/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 11,09,43,978/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 3,57,459/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 8,77,605/- |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | | |

| | | | |
|---|---|---|---|
| 3-1 | ---- | 2,802/- | ശ്രീ.നാസറുദീൻ എ, സെക്രട്ടറി |
| 3-2 | ---- | 1,73,748/- | ശ്രീമതി ബി. പ്രസന്നകുമാരി അമ്മ, ഹെഡ്മിസ്ട്രസ് |
| | | 1,73,748/- | ശ്രീ.നാസറുദീൻ എ, സെക്രട്ടറി |
| 3-3 | ---- | 7,162/- | ശ്രീമതി സുമ തോമസ്, അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 1,75,486/- | ശ്രീമതി.സനൂജ, വി .ഇ .ഒ. |
| 1-20 | 7,02,119/- | ശ്രീമതി ബി.പ്രസന്നകുമാരി അമ്മ, ഹെഡ്മിസ്ട്രസ്സ് |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.നാസറുദീൻ എ, സെക്രട്ടറി | സെക്രട്ടറി, ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് | റഹ്മാനിയാ കോട്ടേജ്, പി.ബി.നോർത്ത്, തഴവ.പി.ഒ, കരുനാഗപ്പള്ളി. |
| ശ്രീമതി ബി. പ്രസന്നകുമാരി അമ്മ, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്സ്,എൽ ,പി,എസ്. മുതുപിലാക്കാട് | പ്രണവം, ഇരവിച്ചിറ പടിഞ്ഞാറ്, പതാരം പി.ഒ., ശൂരനാട് തെക്ക് |
| ശ്രീമതി സുമ തോമസ്, അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി | അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി, ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് | ദൈവത്ത് വീട്, പടിഞ്ഞാറ്റം കിഴക്ക്, ശൂരനാട് പി.ഒ. |
| ശ്രീമതി.സന്ധ്യജ, വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ , ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് | വലിയതറയിൽ, കല്ലേലി ഭാഗം, കരുനാഗപ്പള്ളി |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18, തീ 21.2.18 | 5 |
| 1997-98 | കെ.എസ്.എ.- കെ.എൽ.എം.-പി 10/397/18, തീ 21.2.18 | 3 |
| 1998-99 | കെ.എസ്.എ.- കെ.എൽ.എം.-പി 10/397/18, തീ 21.2.18 | 4 |
| 1999-2000 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18, തീ 21.2.18 | 13 |
| 2000-01 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18, തീ 21.2.18 | 2 |
| 2002-03 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18, തീ 21.2.18 | 5 |
| 2003-04 | കെ.എസ്.എ.- കെ.എൽ.എം.-പി 10/397/18, തീ 21.2.18 | 10 |
| 2004-05 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18, തീ 21.2.18 | 8 |
| 2005-06 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18, തീ 21.2.18 | 12 |
| 2006-07 | കെ.എസ്.എ.- കെ.എൽ.എം.- പി 10/724/19, തീ 29.05.19 | 8 |
| 2007-08 | കെ.എസ്.എ.- കെ.എൽ.എം.- പി 10/724/19, തീ 29.05.19 | 8 |
| 2008-09 | കെ.എസ്.എ.- കെ.എൽ.എം.- പി 10/724/19, തീ 29.05.19 | 3 |
| 2009-10 | കെ.എസ്.എ.- കെ.എൽ.എം.- പി 10/724/19, തീ 29.05.19 | 6 |
| 2010-11 | കെ.എസ്.എ.- കെ.എൽ.എം.- പി 10/724/19, തീ 29.05.19 | 16 |
| 2011-12 | കെ.എസ്.എ.- കെ.എൽ.എം.- പി 2/1189/15, തീ | 9 |

| | | |
|---|---|---|
| | 08.09.15 | |
| 2012-13 | കെ.എസ്.എ.- കെ.എൽ.എം.- പി 2/875/14 തീ 11.09.15 | 12 |
| 2013-14 - 2014-15 | കെ.എസ്.എ.- കെ.എൽ.എം.- പി 10/479/16തീ 20.06.17 | 37 |
| 2015-16 | കെ.എസ്.എ.- കെ.എൽ.എം.- പി 10/1846/2016/ 23.11.17 | 15 |
| 2016-17 | കെ.എസ്.എ.- കെ.എൽ.എം.- പി-10/1371 /18 തീ 17.05.19 | 17 |
| 2017-18 | കെ.എസ്.എ.- കെ.എൽ.എം.- പി-10/1926 /18 തീ 15.05.19 | 19 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**

# അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.എൽ.എം.പി.10/1407/ /2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം.

പിൻ - 691 001, Ph: 0474 – 2740141

E-mail: doklm.ksad@kerala.gov.in

തീയതി: 05/10/2019

## ഓഡിറ്റ് സാക്ഷ്യപത്രം 2018-19

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യപത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

No.KSA.KLM.P10 – 1407/2019 , Dated – 05/10/2019

## AUDIT CERTIFICATE 2018-19

Certified that I have examined the Annual Financial Statement of **Sasthamcotta Grama Panchayath** for the year ended on 31.03.2019 in Kollam District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of The Kerala Panchayat Raj Act 1994; the rule made there under and the guidelines issued by The Comptroller and the Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of **Sasthamcotta Grama Panchayath**for the year **2018-19** subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

**DEPUTY DIRECTOR**

Kerala State Audit Department

District Office, Kollam

# അനുബന്ധം 2 പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**